"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെയും നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി ഒരു ദിവസത്തെ ഇടവേള നൽകി രണ്ട് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1559/2022/LSGD തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1149/2021/ത.സ്വ.ഭ.വ തീയതി 15.06.2021
2. സ.ഉ.(സാധാ)നം.1493/2021/ത.സ്വ.ഭ.വ തീയതി 09.08.2021
3. സ.ഉ.(സാധാ)നം.1560/2021/ത.സ്വ.ഭ.വ തീയതി 13.08.2021
4. സ.ഉ.(സാധാ)നം.758/2022/ത.സ്വ.ഭ.വ തീയതി 26.03.22
5. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04.05.2022-ലെ എൻ.ആർ.ഇ.ജി.എ/372/2022-എ 3നമ്പർ കത്ത്
6. നഗരകാര്യ ഡയറക്ടറുടെ 21.04.2022-ലെ ഡി.സി.3-04/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ജോലി ചെയ്തിരുന്ന കരാർ ജീവനക്കാരിൽ, 2022 മാർച്ച് 31-ന് മുൻപായി കരാർ അവസാനിക്കുന്നവരെ 2022 മാർച്ച് 31 വരെ സേവനത്തിൽ തുടരാൻ പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ കാലാവധി അവസാനിച്ചപ്പോൾ, ടി ജീവനക്കാരുടെ കാലാവധി 2022 ജൂൺ 30 വരെ ദീർഘിപ്പിക്കാൻ പരാമർശം (4) പ്രകാരം അനുവാദം നൽകുകയുണ്ടായി. കാലാവധി ദീർഘിപ്പിച്ച് നിലവിലുള്ള ജീവനക്കാരെ രണ്ട് വർഷത്തേയ്ക്ക് കൂടി സേവനത്തിൽ തുടരാൻ അനുവദിക്കണമെന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറും നഗരകാര്യ ഡയറക്ടറും പരാമർശം (5), (6) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാധാരണ പദ്ധതികളിൽ നിന്നും വിഭിന്നമായി പൂർണ്ണമായും എം.ഐ.എസ്.അധിഷ്ഠിതമായാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സമയ ബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് വിവിധ പരിശീലന പരിപാടികൾ സേവന കാലയളവിൽ നൽകി വരുന്നു എങ്കിലും പദ്ധതിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പദ്ധതി സംബന്ധിച്ച

പൂർണ്ണമായ അവബോധം ലഭ്യമാവണമെങ്കിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവർത്തന പരിചയം എങ്കിലും അനിവാര്യമാണ്. ഇത്തരത്തിൽ പരിശീലനം ലഭിച്ചവരും പരിചയ സമ്പന്നരുമായ ജീവനക്കാരുടെ സേവനം പല തദ്ദേശ സ്ഥാപനങ്ങളിലും അകാരണമായി അവസാനിപ്പിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ കാര്യക്ഷമതയുള്ള ജീവനക്കാരുടെ സേവനത്തുടർച്ച ഉറപ്പുവരുത്തേണ്ടത് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അനിവാര്യമാണെന്ന് കാണുന്നു. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലും പരിചയ സമ്പന്നരായ ജീവനക്കാർ ഉണ്ടാവേണ്ടത് പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് അനിവാര്യമാണ്.

3.മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും, കൃത്യമായ കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമിതരായി നിലവിൽ ജോലി ചെയ്തു വരുന്ന എല്ലാ കരാർ ജീവനക്കാരുടെയും കരാർ, 2022 ജൂൺ 30-നു ശേഷം കുറഞ്ഞത് ഒരു ദിവസത്തെ ഇടവേള നൽകി താഴെ കൊടുക്കുന്ന വ്യവസ്ഥകളോടെ രണ്ടു വർഷത്തേക്ക് പുതുക്കി നൽകുന്നതിന് ഉത്തരവാകുന്നു.

i) ഇപ്രകാരം കരാർ പുതുക്കുന്ന എല്ലാ ജീവനക്കാരുടെയും പെർഫോർമൻസ് അപ്രൈസൽ (performance appraisal) നടപടി 2022, ജൂലൈ 25-നകം പൂർത്തിയാക്കി നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്.

ii) പെർഫോർമൻസ് അപ്രൈസൽ തൃപ്തികരമായിട്ടുള്ള ജീവനക്കാർ മാത്രം 2022, ജൂലൈ 30-ന് ശേഷം കരാറിൽ തുടരുന്നതും തൃപ്തികരമല്ലാതെ വരുന്നവരുടെ കരാർ 2022, ജൂലൈ 30-ന് അവസാനിച്ചതായി കണക്കാക്കേണ്ടതുമാണ്. കരാർ വ്യവസ്ഥകളിൽ ഇക്കാര്യം വ്യക്തമായി ഉൾപ്പെടുത്തിയിരിക്കണം.

4.പെർഫോമൻസ് അപ്രൈസൽ നടത്തുന്നതിനുള്ള ഫോർമാറ്റും നടപടിക്രമങ്ങളും ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറും നഗരകാര്യ ഡയറക്ടറും അന്തിമമാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ
പഞ്ചായത്ത് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ /സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർമാൻ /സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 30-06-2022 14:23:37
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്